# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3748 19.02.2013-ൽ മറുപടിയ്ക്ക്

## കേരളത്തിലെ ഫുട്ബോൾ മികവ് വീണ്ടെടുക്കുന്നതിന്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി | | ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | സന്തോഷ് ട്രോഫി ഫുട്ബോളിൽ കേരളത്തിനുണ്ടായിരുന്ന മികവ് വീണ്ടെടുക്കുന്നതിന് എന്തെങ്കിലും പദ്ധതികളാവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | സന്തോഷ് ട്രോഫി ഫുട്ബോൾ മത്സരങ്ങളുടെ ടീം സെലക്ഷനും, മത്സരങ്ങളിൽ ടീമിനെ പങ്കെടുപ്പിക്കുന്നതും കേരള ഫുട്ബോൾ അസോസിയേഷനാണ്. സർക്കാരിന് ഇക്കാര്യത്തിൽ നേരിട്ട് നിയന്ത്രണമില്ല. |
| (ബി) | സ്കൂൾ തലം മുതൽ ഫുട്ബോളിൽ പ്രാവീണ്യമുള്ള കുട്ടികളെ കണ്ടെത്തി മികച്ച പരിശീലനം നൽകുന്നതിന് പദ്ധതികളാവിഷ്ക്കരിക്കുമോ ; | (ബി) | ആവിഷ്ക്കരിച്ചിട്ടുണ്ട്. 2008-09 മുതൽ ആരംഭിച്ച വിഷൻ ഇന്ത്യ കേരള പദ്ധതി തുടർന്ന് വരുന്നുണ്ട്. 14 ജില്ലകളിലെ തിരഞ്ഞെടുത്ത 91 സെന്ററുകളിലായി 2275 കുട്ടികൾക്ക് ടി പദ്ധതിയുടെ കീഴിൽ ഫുട്ബോൾ പരിശീലനം നൽകിവരികയും എല്ലാവർഷവും ജില്ലാ/സംസ്ഥാനതല ലീഗ് മത്സരങ്ങൾ സംഘടിപ്പിക്കുകയും, സംസ്ഥാന ലീഗ് മത്സരങ്ങളിൽ പങ്കെടുത്ത എല്ലാ ടീമുകൾക്കും 10,000/- രൂപ വീതവും ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കിയവർക്ക് ട്രോഫിയും, വ്യക്തിഗത മെഡലുകളും, സമ്മാനമായി സ്പോർട്സ് കിറ്റുകളും നൽകുകയുണ്ടായി.<br>വിഷൻ ഇന്ത്യ കേരള പദ്ധതിയുടെ കീഴിൽ പരിശീലനം നടത്തുന്ന കുട്ടികൾക്ക് ബൂട്ട്സ്. ജേഴ്സി, സ്റ്റോക്കിംഗ്സ്, ഷിൻ ഗാർഡ്. പരിശീലനത്തിനാവശ്യമായ ബോളുകളും വിതരണം ചെയ്യുന്നുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള സ്കൂൾ/കോളേജ്/സ്പോർട്സ് ഹോസ്റ്റലുകളിലും ഫുട്ബോളിൽ കുട്ടികൾക്ക് മികച്ച പരിശീലനം നൽകി വരുന്നു. |
| (സി) | കേരള ഫുട്ബോളിന് മികച്ച പരിശീലകരെ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | ശാസ്ത്രീയമായി പരിശീലനം ലഭിച്ച ഫുട്ബോൾ പരിശീലകർ സംസ്ഥാന സ്പോർട്സ് കൗൺസിലിന് കീഴിൽ ജോലി ചെയ്യുന്നുണ്ട്. അവരെ എല്ലാ വർഷവും കായികപരമായ പുതിയ അറിവുകൾ നേടുന്നതിനായി ദേശീയ/അന്തർ ദേശീയ പരിശീലന കോഴ്സുകളിൽ പങ്കെടുപ്പിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ